DESPATCHED On 24.2.2020

16/01/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.-nic.-in

## ഹർജി നമ്പർ C.P. No.987(1)/2019/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.19029/എസ്.ഐ.സി-ജി 4/2019)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ.കെ.ജി. കൃഷ്ണൻകുട്ടി
കൃഷ്ണ, റ്റി.സി. 17/2004
പൂജപ്പുര,
തിരുവനന്തപുരം. – 695012
} പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &ഡെപ്യൂട്ടി സെക്രട്ടറി
ആരോഗ്യ കുടുംബക്ഷേമ വകുപ്പ്,
സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം.
} എതിർകക്ഷി

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 17.09.2019 |
| മറുപടി ലഭ്യമാക്കിയ തീയതി | |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 23.11.2019 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 23.11.2019 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 06.01.2020,16.01.2020<br>സംസ്ഥാന വിവരാവകാശ കമ്മീഷൻ, തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി(16.01.2010) |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. കെ.ജി.കൃഷ്ണൻകുട്ടി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെ ലഭ്യമായിട്ടില്ലായെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്.

i) ഫയൽ.നം. A2/22/2019/H&FWD തീയതി 26.04.2019 പ്രകാരം 07.05.2019 ന് നടത്തിയ ഡോ.രാഹുൽ കെ.അസിസ്റ്റന്റ് ഡന്റൽ സർജൻ.സാമൂഹ്യ ആരോഗ്യ കേന്ദ്രം വണ്ടൻമേട് അപ്പീൽ ഹിയറിംഗിന്റെ തുടർ നടപടികളും തീരുമാനങ്ങളും വ്യക്തമാക്കുന്ന ഫയൽ നൽകണമെന്നും

ii) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 482/19 തീയതി 07.03.2019 പ്രകാരം ആരോഗ്യ വകുപ്പ് സെക്രട്ടറിക്ക് നൽകിയ സമയപരിധി പാലിച്ചിട്ടില്ലായെന്നും അതിന്റെ കാരണം വ്യക്തമാക്കണമെന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട ഫയലിൽ തീരുമാനം അന്തിമ ഘട്ടത്തിലായിരുന്നതിനാൽ യഥാവിധി മറുപടി നൽകുന്നതിന് സാധിച്ചില്ലായെന്നും പ്രസ്തുത ഫയലിൽ അന്തിമ തീരുമാനം 28.11.2019 ലെ സ.ഉ(സാധാ)നം.2871/2019/ആകുവ യഥാസമയം ഹർജിക്കാരന് അയച്ചു കൊടുക്കുകയുണ്ടായി എന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ നൽകുന്നതിൽ സംഭവിച്ച വീഴ്ച മനഃപൂർവ്വമായിരുന്നില്ലായെന്നും മറ്റുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് സമയബന്ധിതമായി ടിയാന് യാതൊരു വിവരവും മറുപടിയും നൽകിയിരുന്നില്ലെന്ന് കാണുന്നു. ആയത് വിവരാവകാശ നിയമത്തിലെ 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ എതിർകക്ഷിക്കെതിരെ വിവരാകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാ

RIGHT TO INFORMATION

രമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ പരാമർശിത കാലയളവിലെ എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയതു ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ശിക്ഷാ ഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ നേരിൽക്കണ്ട് എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതാണ്.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ നൽകിയിട്ടുള്ളതായി കാണുന്നതിനാൽ ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ജനുവരി 16-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം. പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

su